**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **29-08-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ ഓരോ വർഷവും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതും, ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുമോ; | (എ) | 2016 മുതൽ ഓരോ വർഷവും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതും, ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം - 1 ,2 ആയി ചേർക്കുന്നു. |
| (ബി) | 2016 മുതൽ 2022 ജൂലൈ മാസം വരെ അട്ടപ്പാടിയിൽ എത്ര നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്; ഇതിൽമതിയായ ചികിത്സ ലഭിക്കാതെയും പോഷകാഹാര കുറവുമൂലവും എത്ര കുട്ടികൾ മരണപ്പെട്ടു; വിശദാംശം നൽകുമോ; | (ബി) | 2016 മുതൽ 2022 ജൂലൈ മാസം വരെ അട്ടപ്പാടിയിൽ മരണപ്പെട്ട നവജാത ശിശുക്കളുടെ വിവരം അനുബന്ധം - 3 ആയി ചേർക്കുന്നു.<br><br>മതിയായ ചികിത്സ ലഭിക്കാതെയോ, പോഷകാഹാര കുറവു മൂലമോ കുട്ടികൾ മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടില്ല. കഴിഞ്ഞ കാലങ്ങളിലുണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും Milk aspiration മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഗർഭിണികൾക്കും, കുട്ടികൾക്കും മതിയായ ചികിത്സയും, പോഷകാഹാരവും ലഭ്യമാക്കാനും ഇത് ഇവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | അട്ടപ്പാടി മേഖലയിൽ പട്ടികവർഗ വികസന വകുപ്പ് നടത്തുന്ന ആരോഗ്യ പോഷക ക്ഷേമ പദ്ധതികൾ ഐ.ടി.ഡി.പി മുഖേന അവലോകനം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ വകുപ്പ് മുഖേന നടത്തുന്ന ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സഹായത്തോടു കൂടി ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷൻ കൺസൾട്ടന്റിനെ നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലയിലെ എം.പി, മണ്ണാർക്കാട് നിയോജകമണ്ഡലം എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ് കളക്ടർ കൺവീനറായിട്ടുമുള്ള 10 അംഗ ഏകോപനസമിതി അട്ടപ്പാടിയിൽ പട്ടിക വർഗക്കാരുടെ പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും |

| | | | | |
|---|---|---|---|---|
| | | | | പോഷകാഹാരം ഉറപ്പ് വരുത്തുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലൂടെ പ്രതിമാസം 2,000/- രൂപ നൽകുകയും ടി തുക നിർദ്ദിഷ്ട ആവശ്യത്തിന് തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് എസ്.ടി പ്രൊമോട്ടർമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഫുഡ് സപ്പോർട്ട് പദ്ധതിയിലുൾപ്പെടുത്തി പോഷകാഹാര കിറ്റും ഗർഭിണികൾക്ക് നൽകുന്നു.<br><br>എസ്.ടി പ്രൊമോട്ടർമാർ, ഫീൽഡ് നഴ്സുമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ എന്നിവർ ഗർഭിണികളെ സന്ദർശിക്കുകയും ചെക്കപ്പുകളും സ്കാനിംഗുകളും കൃത്യമായി നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നുണ്ട്. ഇത് കൂടാതെ ആരോഗ്യ, സാമൂഹ്യനീതി വകുപ്പുകളിൽ നിന്നുള്ള സേവനങ്ങളും എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനങ്ങളും ഇതിനായി നടന്നുവരുന്നുണ്ട്. നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടർ സംയുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും എല്ലാ ആഴ്ചയിലും അട്ടപ്പാടിയിൽ വെച്ച് യോഗം നടത്തി സേവനങ്ങൾ പട്ടികവർഗക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്.<br><br>വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സു വരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ച് "ആദ്യ 1000 ദിന പരിപാടി" നടപ്പിലാക്കിയിട്ടുണ്ട്. അട്ടപ്പാടിയിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേകം തയ്യാറാക്കിയ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്തുവരുന്നു.<br><br>അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷണക്കുറവ് കുറയ്ക്കാനും ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിന് ജീവിതശൈലിയിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ "പെൺട്രിക കൂട്ടങ്ങൾ" അട്ടപ്പാടിയിൽ രൂപീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് മുഖേനയുള്ള "അനുപൂരക പോഷകാഹാര പദ്ധതി" പ്രകാരം ഐ.സി.ഡി.എസ് ഗുണഭോക്താക്കളായ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, 3-6 വയസ്സു വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ മുഖേന പോഷകാഹാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നം. | വർഷം | അനുവദിച്ച തുക (പ്ലാൻ ഫണ്ട്) | ചെലവഴിച്ച തുക (പ്ലാൻ ഫണ്ട്) |
|---|---|---|---|
| 1 | 2016-17 | 68,22,45,381/- | 58,20,37,838/- |
| 2 | 2017-18 | 38,92,65,581/- | 38,92,65,581/- |
| 3 | 2018-19 | 34,30,04,227/- | 33,79,76,205/- |
| 4 | 2019-20 | 22,10,96,616/- | 22,10,96,616/- |
| 5 | 2020-21 | 19,83,63,131/- | 19,83,63,131/- |
| 6 | 2021-22 | 21,27,94,531/- | 21,27,94,531/- |

## അനുബന്ധം - 2

### വനിതാ ശിശു വികസന വകുപ്പ്

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 20,26,050 |
| 2017-18 | 47,04,058 |
| 2018-19 | 25,53,513 |
| 2019-20 | 28,03,964 |
| 2020-21 | 26,21,526 |
| 2021-22 | 12,69,288 |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 3

| ക്രമ നം. | വർഷം | മരണപ്പെട്ട കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | 2016 | 8 |
| 2 | 2017 | 17 |
| 3 | 2018 | 13 |
| 4 | 2019 | 7 |
| 5 | 2020 | 10 |
| 6 | 2021 | 9 |
| 7 | 2022 (ജൂലൈ വരെ) | 6 |

സെക്ഷൻ ഓഫീസർ